(സി) ബി.എം. & ബി.സി. നിർമ്മാണ പ്രവർത്തിക്ക് 31-12-2014 വരെ നിർമ്മാണ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

(ഡി) ബാധകമല്ല.

(ഇ) കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് മാറ്റിയിടുന്നതിലും ബി.എസ്.എൻ.എൽ കേബിൾ മാറ്റിസ്ഥാപിക്കുന്നതിലുമുണ്ടായ കാലതാമസവും കോൺട്രാക്ടറുടെ സാമ്പത്തിക പരാധീനതയുമാണ് മുഖ്യ കാരണം.

(എഫ്) 31-1-2015-ന മുൻപായി പൂർത്തിയാക്കാനാവുമെന്നാണ് പ്രതീക്ഷ.

ദേശീയപാത വികസനവും സ്ഥലം ഏറ്റെടുക്കലും

297(T3222) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത 45 മീറ്ററിൽ വികസിപ്പിക്കുമ്പോൾ ഏറ്റെടുക്കേണ്ടി വരുന്ന ഭൂമിക്ക് വിപണി വില നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) NH-17, 47, മറ്റ് ഹൈവേകൾ എന്നിവയ്ക്ക് സ്ഥലം ഏറ്റെടുക്കുമ്പോൾ നൽകേണ്ട വിപണി വിലയെക്കുറിച്ച് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ എന്തെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ദേശീയപാതാ വികസനത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ 1956 -ലെ NH Act-ലെ വ്യവസ്ഥകൾ അനുസരിച്ചാണ് നഷ്ടപരിഹാരം നിർണ്ണയിക്കുന്നത്. എന്നിരുന്നാലും 25-10-2014 തീയതിയിലെ സ.ഉ (കൈ)നമ്പർ 94/14/പൊ.മ.വ പ്രകാരം നഷ്ടപരിഹാരം നിർണ്ണയിക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെ R&R പാക്കേജിലെ വ്യവസ്ഥകൾ കൂടി പരിഗണിക്കണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ പെരിയയിൽ ഗസ്റ്റ് ഹൗസ്

298(3223) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ പെരിയയിൽ ഗസ്റ്റ് ഹൗസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് (No.10912/E3/13/PWD) തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

'T'. മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്ര സർവ്വകലാശാലയുടെ ആസ്ഥാനമായി മാറിയിട്ടുള്ള പെരിയയിൽ ഗസ്റ്റ് ഹൗസ് അനുവദിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിൽ പെരിയയിൽ ഗസ്റ്റ് ഹൗസിനു പകരം റെസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാൻ പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് സർക്കാരിൽ നിന്നും നിർദ്ദേശം നൽകിയതനുസരിച്ച് ഇൻവെസ്റ്റിഗേഷൻ നടത്താൻ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

ദേശീയപാത നിർമ്മാണം

299(3224) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേശീയ പാതയുടെ അറ്റകുറ്റ പണികൾക്കും, പുനർനിർമ്മാണത്തിനുമായി കേന്ദ്രത്തിൽ നിന്നും എന്ത് തുക ലഭ്യമായെന്ന് വ്യക്തമാക്കാമോ ;

(ബി) ദേശീയപാത നിർമ്മാണത്തിനും വിപുലീകരണത്തിനും അറ്റകുറ്റ പണികൾക്കുമായി എന്ത് തുക ചെലവഴിച്ചെന്ന് വിശദമാക്കാമോ ;

(സി) കേന്ദ്രത്തിൽ നിന്ന് ലഭ്യമാകാനുള്ള കുടിശ്ശിക എത്രയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേശീയ പാതയുടെ അറ്റകുറ്റ പണികൾക്ക വേണ്ടി 55.84 കോടിരൂപയും പുനർനിർമ്മാണത്തിനായി 274.86 കോടി രൂപയും കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്.

(ബി) ദേശീയപാത നിർമ്മാണത്തിന് 329.22 കോടി രൂപയും വിപുലീകരണത്തിനും അറ്റകുറ്റ പണികൾക്കുമായി 133.14 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) കേന്ദ്രസർക്കാരിൽ നിന്നും കുടിശ്ശികയായി 131.66 കോടി രൂപ ലഭിക്കാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly